**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 15** **05-12-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഓഫീസുകളിലെ ഇ-ഓഫീസ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിലെ ഫയലുകളുടെ സ്ഥിതിവിവരം സാധാരണ ജനങ്ങൾക്ക് വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേക്കായി സർക്കാർ വിഭാവനം ചെയ്ത ഇ-ഓഫീസ് സംവിധാനത്തിനുകീഴിൽ വരാൻ ഏതൊക്കെ ഓഫീസുകളാണ് ഇനി ബാക്കിയുള്ളത്; വിശദമാക്കാമോ; | (എ) | 62 ഡയറക്ടറേറ്റുകൾ, 10 കമ്മീഷണറേറ്റുകൾ, 68 മറ്റ് ഓഫീസുകൾ എന്നിവ ഉൾപ്പെടെ 140 ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. 8 ഡയറക്ടറേറ്റുകളിൽ ഇതര ഡിജിറ്റൽ ഫയലിംഗ് സംവിധാനമാണ് ഉപയോഗിച്ചുവരുന്നത്. ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടില്ലാത്ത കാഴ്ച ബംഗ്ലാവ്-മൃഗശാല വകുപ്പിൽ ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ മുതലായ ഓഫീസുകളിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറക്ക് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരുന്നു. |
| (ബി) | എല്ലാ സർക്കാർ ഓഫീസുകളും ഇ-ഓഫീസ് സംവിധാനത്തിന് കീഴിലാകുന്നതോടെ കടലാസുപയോഗത്തിൽ എത്ര മാത്രം കുറവ് വരുത്താനും ഇതുവഴി ഓഫീസ് ചെലവ് എത്രത്തോളം കുറയ്ക്കാൻ കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്; | (ബി) | ഇ-ഓഫീസ് സംവിധാനം ഒരു കടലാസ് രഹിത സംവിധാനം ആകയാൽ കടലാസിന്റെ ആവശ്യം ഉണ്ടാകുന്നില്ല എന്നതിനാൽ ഓഫീസ് ചെലവിൽ ഗണ്യമായ കുറവ് വരുത്തുവാൻ സാധിക്കുന്നതാണ്. |
| (സി) | മുമ്പ് ഇ-ഓഫീസ് സംവിധാനത്തിൽ സെക്രട്ടേറിയറ്റ് ഫയലുകൾ സംബന്ധിച്ച് ദൈനംദിന നീക്കങ്ങൾ പൊതുജനങ്ങൾക്ക് കൃത്യമായി അറിയാൻ കഴിയുമായിരുന്ന സംവിധാനം ഇപ്പോൾ നീക്കിയതിന്റെ കാരണം വിശദമാക്കുമോ; ഇവ പഴയപോലെ പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ഇ-ഓഫീസ് സോഫ്റ്റ്‌വെയറിലെ നവീകരണത്തിന്റെ ഭാഗമായി സിറ്റിസൺ പോർട്ടലും (https://eoffice.kerala.gov.in/) പരിഷ്കരിക്കേണ്ടതായി വന്നു. നവീകരണസമയത്ത് സിറ്റിസൺ പോർട്ടലിന്റെ പ്രവർത്തനം താൽക്കാലികമായി തടസ്സപ്പെടുകയും, മുൻപ് ലഭിച്ചുകൊണ്ടിരുന്ന സേവനങ്ങൾ ലഭിക്കാത്ത സാഹചര്യം സംജാതമാകുകയും ചെയ്തിരുന്നു. പോർട്ടലിന്റെ വേഗത വർദ്ധിപ്പിച്ച് കാര്യക്ഷമതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ പ്രസ്തുത പോർട്ടൽ വികസിപ്പിച്ച നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററുമായി (NIC) ചേർന്ന് സ്വീകരിക്കുകയും പോർട്ടൽ നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഏത് സ്മാർട്ട് മൊബൈൽ ഫോണുകളിലും ഇന്റർനെറ്റ് ഉപയോഗപ്പെടുത്തി ഇ-ഓഫീസ് പോർട്ടലിൽ നിന്നുള്ള ഫയൽ നീക്കം നിരീക്ഷിക്കാൻ കഴിയുമായിരുന്ന സംവിധാനം ഇപ്പോൾ പഴയതുപോലെ ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഫയലുകളുടെ തൽസ്ഥിതി അറിയുന്നതിനുള്ള സിറ്റിസൺ പോർട്ടലിന്റെ പഴയ വേർഷൻ മൊബൈൽ ഫ്രണ്ട്‌ലി ആയിരുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, മൊബൈൽ ഫോൺ ഉൾപ്പെടെയുള്ള സ്മാർട്ട് ഡിവൈസുകളിൽ കൂടി സിറ്റിസൺ പോർട്ടൽ യൂസർ ഫ്രണ്ട്‌ലി ആക്കണമെന്ന് പ്രസ്തുത പോർട്ടൽ വികസിപ്പിച്ച നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിനോട് (NIC) ആവശ്യപ്പെടുകയും തൽഫലമായി പുതിയ വേർഷൻ നിലവിൽ വന്നപ്പോൾ ഈ പ്രശ്നം പരിഹരിക്കപ്പെട്ടിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ